**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 5** **09.06.2014 -ലെ മറുപടിയ്ക്ക്**

## ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ

ചോദ്യം

ശ്രീ. എൻ.ഷംസുദീൻ
'' സി.മോയിൻകുട്ടി
'' കെ.എം.ഷാജി
'' കെ.മുഹമ്മദുണ്ണി ഹാജി

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണ സിരാകേന്ദ്രങ്ങളിലും, വകുപ്പു മേധാവികളുടെയും ജില്ലാഭരണ ഓഫീസുകളിലേയും തീരുമാനമാകാതെ കെട്ടിക്കിടപ്പുള്ള ഫയലുകളിൽ യുക്തിസഹമായ തീരുമാനം കൈക്കൊള്ളാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | സെക്രട്ടേറിയറ്റിലും സർക്കാർ വകുപ്പുകളിലും ജില്ലാകളക്ടറേറ്റുകളിലും ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ഓഫീസുകളിലുമുള്ള മൂന്നു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിനായി 100 ദിന കർമ്മ പരിപാടി നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം മൂന്നു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ 100 ദിവസത്തിനകം തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് 2014 മെയ് - ജൂൺ മാസങ്ങളിൽ മൂന്നു ഘട്ടങ്ങളിലായുള്ള ഒരു ഫയൽ തീർപ്പാക്കൽ തീവ്രയത്നപരിപാടി ഇപ്പോൾ നടത്തിവരികയാണ്. ഈ ഫയൽ തീർപ്പാക്കൽ പരിപാടിയ്ക്ക് മേൽനോട്ടം വഹിക്കുന്നതിനും റിപ്പോർട്ട് തയ്യാറാക്കി അന്തിമാവലോകനത്തിനായി സമർപ്പിക്കുന്നതിനുമായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ വർക്ക് സ്റ്റഡി സെക്ഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് 34 സ്പെഷ്യൽ ഡ്രൈവ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം നിയമപരവും സാങ്കേതികപരവുമായി തടസ്സങ്ങളില്ലാത്ത 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനുള്ള ഫയൽ അദാലത്തുകൾ വിവിധ വകുപ്പുകളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |
| (ബി) | ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും മുഖ്യമന്ത്രിക്ക് നേരിട്ടുലഭിച്ച പരാതികളെ സംബന്ധിച്ച ഫയലുകൾ ഇവയിൽ എത്രത്തോളം ഉൾപ്പെടുന്നുണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ ; | (ബി) | 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും മേൽ പരാമർശിച്ച തടസ്സങ്ങളില്ലാത്തതുമായ എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനാണ് ഇപ്പോൾ മുൻതൂക്കം കൊടുക്കുന്നത്. ഇതിൽ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട ഫയലുകളുടെ എണ്ണം പ്രത്യേകമായി വേർതിരിച്ച് പരിശോധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ദീർഘകാലമായി നീതി ലഭിക്കാത്ത കേസുകളാണ് ജനസമ്പർക്ക പരിപാടിക്കിടെ മുഖ്യമന്ത്രിക്കുമുന്നിൽ അവതരിപ്പിക്കപ്പെട്ടത് എന്നത് പരിഗണിച്ച് അവയിൽ സമയബന്ധിത തീർപ്പുണ്ടാക്കാനും മന:പ്പൂർവ്വം താമസിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടെങ്കിൽ അതിനെതിരെ കർശന നടപടി സ്വീകരിക്കാനും തയ്യാറാവുമോ? | (സി) | ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് നേരിട്ട് സമർപ്പിക്കപ്പെട്ട പരാതികളിൽ സമയബന്ധിതമായി തീർപ്പുണ്ടാക്കുന്നതിനും മന:പൂർവ്വമായുള്ള കാലതാമസമുണ്ടാകാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ